കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# പോരുവഴി ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail: doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.എൽ.എം. പി2 .52/17.

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി,13.2.17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പേരുവഴിഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പേരുവഴി ഗ്രാമപഞ്ചായത്ത് - 2015-2016 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരുവഴി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3ലെ ഖണ്ഡികകളിലേയ്ക്കു പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.എൽ.എം. പി2 .52/17. തിയ്യതി:-13-2-17

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ

2015-2016സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 21-7-16 മുതൽ 20-11-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.എം.ഗീത,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21-11-16. മുതൽ 28-11-16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.അജി.കെ.എസ്. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അജ്മൽ.എ.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.പ്രദീപ്.ബി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.ജമീലബീവി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എൻ.ഗോപാലകൃഷ്ണപിള്ള | 1-4-15 മുതൽ 31-10-15 വരെ |

| | | |
|---|---|---|
| | ശ്രീമതി.ഷീജ.എസ്. | 19-11-15മുതൽ 31-3-16 വരെ |
| സെക്രട്ടറി | ശ്രീമതി.എം.ഉഷാകുമാരി | 1-4-15 മുതൽ 31-3-16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.എസ്.ഷാജി | 1-4-15 മുതൽ 31-03-16 വരെ |
| എ.ഇ., എൽഎസ്.ജി.ഡി. | ശ്രീമതി.ശാലിനി.എസ്. | 1-4-15 മുതൽ 31-03-16 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.കെ.സുജാത | 1-4-15 മുതൽ 25-5-15 വരെ |
| | ശ്രീ.കെ.ജയകുമാർ | 25-5-15മുതൽ 31-3-16വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ശ്രീമതി.ബിജി.ബി.രാജ് | 1-4-15മുതൽ 1-12-15 വരെ |
| | ശ്രീ.അരുൺ.ഒ | 1-12-15 മുതൽ 31-3-16 വരെ |
| മെഡിക്കൽ ഓഫീസർ , ആയുർവ്വേദം | ശ്രീ.സനോജ്.സാം | 1-4-15 മുതൽ 31-03-16 വരെ |
| എച്ച്.എം , ഗവ.എൽ.പി.എസ്. | ശ്രീ.അബ്ദുൾ അസീസ്.എ | 1-4-15 മുതൽ 2-6-15 വരെ |

| | | |
|---|---|---|
| | ശ്രീ.റോയ്.ടി | 3-6-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | ശ്രീ.കെ.കുരികേശു | 1-4-15 മുതൽ 5-6-15 വരെ |
| | ശ്രീമതി.സ്മിത.ടി. | 5-6-15 മുതൽ 31-03-16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷാഹിദ.കെ | 1-4-15 മുതൽ 31-03-16 വരെ |
| വി.ഇ.ഒ. (സർക്കിൾ1) | ശ്രീ.ഇസ്മയിൽ കുഞ്ഞ് | 1-4-15 മുതൽ 19-5-15 വരെ |
| | ശ്രീ.റോബിൻ സാമുവൽ | 20-5-15മുതൽ 31-03-16 വരെ |
| വി.ഇ.ഒ.(സർക്കിൾ2) | രഹന എസ്. | 1-4-15 മുതൽ 31-03-16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | പത്മലത.ആർ | 1-4-15 മുതൽ 10-8-15വരെ |
| | ശ്രീമതി.ഷംല .എ | 11-8-15 മുതൽ 31-03-16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി അപാകതകൾ | 2-1 |
| 13 | വാർഷിക ധനകാര്യപത്രിക ഡി.സി.ബി. സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 2-2 |
| 14 | ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നു. | 2-3 |
| 15 | തൊഴിൽ നികുതി , ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 2-4 |
| | ഭാഗം 3 | |
| 16 | റോഡ് കോൺക്രീറ്റിംഗ്-അധിക നിരക്ക് അനുവദിച്ചു-41473 രൂപ നിരാകരിക്കുന്നു | 3-1 |
| 17 | പശു വളർത്തൽ പദ്ധതി (വനിത)- കരാർ കാലാവധി അവസാനിക്കുന്നതിന് മുൻപ് പശുവിനെ വിറ്റു 30000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-2 |
| 18 | വാഴകൃഷി വികസനം - സബ്സിഡി തുക അനുവദനീയമായതിലും അധികം നൽകി 25000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-3 |
| 19 | രോഗ പ്രതിരോധശേഷി - പ്രതിരോധ കുത്തിവെയ്പ്പ് വാഹന വാടക ഇനത്തിലുള്ള 15000/-രൂപയുടെ ചെലവ് രേഖകളുടെ അഭാവത്തിൽ തടസപ്പെടുത്തുന്നു. | 3-4 |
| 20 | ക്ഷീരസംഗമം- സർക്കാർ അനുമതിയില്ലാതെ ചെലവഴിച്ച 5000/- രൂപയുടെ വിനിയോഗം തടസപ്പെടുത്തുന്നു | 3-5 |
| 21 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല 1438500/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 3-6 |
| 22 | പാലിയേറ്റിവ് കെയർ പദ്ധതി നടപ്പിലാക്കുന്നതിലെ അപാകതകൾ | 3-7 |
| 23 | ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ -നോൺ അവെയ് ലബിലിറ്റി | 3-8 |

| | | |
|---|---|---|
| | സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | |
| 24 | ഭവന നിർമാണ പദ്ധതി - ചെലവഴിക്കാത്ത പദ്ധതി തുക നിലനിൽക്കുന്നു. | 3-9 |
| 25 | മീഡിയാശ്രീ - പദ്ധതി നടപ്പിലാക്കിയില്ല | 3-10 |
| 26 | പലിശ ഇനത്തിൽ 50380 രൂപ നഷ്ടം | 3-11 |
| 27 | എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ,അളവുകൾ രേഖപ്പെടുത്തി മൂല്യ നിർണയം നടത്താതെയും ഭവന പുനരുദ്ധാരണത്തിനുള്ള സബ്സിഡി നൽകിയിരിക്കുന്നു. | 3-12 |
| 28 | സി.എഫ്.എൽ വാങ്ങി സ്ഥാപിച്ചത് | 3-13 |
| 29 | സ്ട്രീറ്റ് മെയിൻ വലിക്കുന്നത്-ഡെപ്പോസിറ്റ് വർക്ക് യു.സി.ലഭ്യമാക്കിയിട്ടില്ല. | 3-14 |
| 30 | ഹൈസ്പീഡ് സ്കാനർ വാങ്ങിയത് -ഉപയോഗം ആരംഭിച്ചിട്ടില്ല | 3-15 |
| | ഭാഗം 4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016വർഷത്തെ ബജറ്റ് 26-3-15 തിയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-16 | 22-6-16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-2016 | 28-11-16 | |

1)ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം ഡി&ഒ ലൈസൻസ് ഫീസ് കളക്ഷൻ 110650 രൂപയാണ്.എന്നാൽ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് (RP-43) പ്രകാരം കളക്ഷൻ തുക 102550 രൂപയാണ്.

2)വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് I-4(b)-ൽ ഡി&ഒ ലൈസൻസ് ഫീസ് ഡിമാന്റ് തുക 132,050 രൂപയും റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് RP-43-ൽ കളക്ഷൻ തുക102550 രൂപയും ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ ബാലൻസ് തുക 21400 രൂപയുമാണ്.എന്നാൽ ബാലൻസ് തുക 29500 രൂപയാണ് വരേണ്ടിയിരുന്നത്( 132,050-102550).

3.ആസ്തിയുടെ മൂല്യം കൃത്യമായി കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 24586782 |

| | |
|---|---|
| വരവ് | 51898622 |
| ആകെ | 76485404 |
| ചെലവ് | 66335537 |
| നീക്കിയിരിപ്പ് | 10149867 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 572169 | 3928237 | 10017866 | 10017866 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 1836251 | 5656467 | 74292718 | 74292718 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 55000 | 0 | 55000 | 55000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 3812422 | 11350157 | 15162579 | 15162579 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2425901 | 1755652 | 4181553 | 4181553 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1893476 | 6024214 | 7917690 | 7917690 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3558393 | 2994271 | 6552664 | 6552664 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 10975638 | 10975638 | 10975638 | 0 | 100 |
| ബി ഫണ്ട് | 0 | 26568708 | 26568708 | 26568708 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 75555637 | 131 | 53000725 | 7 | 32 | 77.05 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)പ്രോജ നം.19/16,എ.ബി.സി.പ്രോഗ്രാം

2)പ്രോജ നം.90/16 ,ഫോഗിംഗ് മെഷിൻ വാങ്ങൽ

3) പ്രോജ നം.89/16 , ക്യാൻസർ നിർണയ ക്യാമ്പ്

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 62.8 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3965543 | 3182723 | 782820 | -24.5 |
| നികുതിയേതര വരവുകൾ | 2515224 | 1271642 | 1243582 | -97.7 |
| മറ്റുവരവുകൾ | 2213165 | 3528416 | 1315251 | +59.4 |
| ആകെ | 8693932 | 7982781 | 3341653 | -62.8 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 599160 | 345 |
| കർഷകതൊഴിലാളി പെൻഷൻ | 744570 | 95 |
| വിധവാപെൻഷൻ | 10413400 | 1149 |
| വാർദ്ധക്യകാല പെൻഷൻ | 10477050 | 1897 |
| വികലാംഗ പെൻഷൻ | 3831770 | 399 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-16 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21820 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ വ്യാപാര സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഡി.സി.ബി.വരവിനങ്ങളുടെ രജിസ്റ്ററുകൾ യഥാസമയം പോസ്റ്റിംഗ് വരുത്തി ഡി.സി.ബി പത്രിക തയ്യാറാക്കി മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.വ്യാപാര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും സ്ഥാപനങ്ങളിൽ നിന്ന് റിട്ടേൺ ലഭ്യമാക്കുകയും ചെയ്ത് വ്യാപാരികളുടെ തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും വിവരങ്ങളടങ്ങുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ഫിറ്റ്നസ് ഫീസ് ഈടാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2-5-16 | 4/16-7/16 | 17-11-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-9-16മുതൽ 14-10-16 വരെ | 2011-2012മുതൽ 2015-2016 വരെ | 24-11-16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അപാകതകൾ

1)ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2015-2016 സാമ്പത്തിക വർഷം രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ഐ.കെ.എം. |
| 2 | TDB സെൻട്രൽ സ്കൂൾ |
| 3 | TDB സബ് ഗ്രൂപ്പ് ഓഫീസ് , ചക്കുവള്ളി |
| 4 | ത്രിവേണി ഗോഡൗൺ, മയ്യത്തുംകര |
| 5 | അസോസിയേറ്റ് കാഷ്യുഫാക്ടറി,പാറവട്ടം |
| 6 | ശ്രീ സായി അഗ്രോ എക്സ്പോർട്ട്സ്, |

| | |
|---|---|
| | അമ്പലത്തും ഭാഗം |
| 7 | വളവക്കോട്ടു ഫിനാൻസ്,<br>ചക്കുവള്ളി |
| 8 | എം.ഡി. ഫിനാൻസ്,<br>ചക്കുവള്ളി |
| 9 | ശ്രീകൃഷ്ണ ഫിനാൻസ്,<br>ഒസ്താമുക്ക് |

2)പോസ്റ്റോഫീസ്, ഇടക്കാട് ബ്രാഞ്ചിലെ ജീവനക്കാരിൽ നിന്ന് 2015-2016 രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയില്ല. ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി ഒടുക്കു വരുത്തിയവരുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് | തുക |
|---|---|---|
| 1 | രഞ്ജു | 450 |
| 2 | രമയമ്മ | 600 |
| 3 | ശിവരാമൻ | 600 |
| ആകെ | | 1650 |

3)ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2015-2016 സാമ്പത്തിക വർഷം രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പാർവതി ഹോസ്പിറ്റൽ |
| 2 | സുപ്രീം കാഷ്യു ഇൻഡസ്ട്രി,<br>ചക്കുവള്ളി |
| 3 | സാരഥി മെറ്റൽ ക്രഷർ |
| 4 | പ്രശാന്തി<br>കാഷ്യു കമ്പനി,<br>മലനട |
| 5 | ബി.എസ്.എൻ.എൽ.ഇടക്കാട് |
| 6 | മീനം കാഷ്യു ഫാക്ടറി |
| 7 | മിൽക്ക് സൊസൈറ്റി Q 181D |
| 8 | ജോസ് കാഷ്യുഫാക്ടറി |
| 9 | കെ.എസ്.ഇ.ബി.ബ്രാഞ്ച്ഓഫീസ് |

| | |
|---|---|
| 10 | മിൽക്ക് മാർക്കറ്റിംഗ്<br>സൊസൈറ്റി KUCS -143D,<br>ഇടക്കാട് |
| 11 | KUCS Q328(D) |
| 12 | കമ്പലടി ക്ഷീരോല്പാദക<br>സഹകരണസംഘം Q262(D) |
| 13 | SCB 1132 |
| 14 | മുത്തൂറ്റ് മൈക്രോഫിനാൻസ് ,ചക്കുവള്ളി |

4)ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾ ചെയ്ത കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5)പോരുവഴി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ പി.ടി.എസ്.ശ്രീമതി.വസുമതിയമ്മയുടെ ഒന്നാം അർദ്ധവാർഷിക വരുമാനം 63116 രൂപയും രണ്ടാം അർദ്ധവാർഷിക വരുമാനം 65102 രൂപയുമാണ്.ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി 600 രൂപ വീതമാണ്.എന്നാൽ 450 രൂപ വീതമേ ഈടാക്കിയിട്ടുള്ളൂ.നഷ്ടമായ 300 രൂപ തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-5,തീയതി-28-11-16) മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-2 വാർഷിക ധനകാര്യപത്രിക ഡി.സി.ബി. സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

1)ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം ഡി&ഒ ലൈസൻസ് ഫീസ് കളക്ഷൻ 110650 രൂപയാണ്.എന്നാൽ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് (RP-43) പ്രകാരം കളക്ഷൻ തുക 102550 രൂപയാണ്.

2)വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് I-4(b)-ൽ ഡി&ഒ ലൈസൻസ് ഫീസ് ഡിമാന്റ് തുക 132,050 രൂപയും റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് RP-43-ൽ കളക്ഷൻ തുക102550 രൂപയും ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ ബാലൻസ് തുക 21400 രൂപയുമാണ്.എന്നാൽ ബാലൻസ് തുക 29500 രൂപയാണ് വരേണ്ടിയിരുന്നത്( 132,050-102550).

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-21,തീയതി-28-11-16) മറുപടി ലഭ്യമാക്കിയില്ല.അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ആയത് പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 2-3 ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നു.

| ക്രമ | കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ | മുൻവർഷത്തെ |
|---|---|---|---|---|

| നം. | | | ഉപയോഗം | ഫീസ് |
|---|---|---|---|---|
| 1 | 2/548 | ശിവൻകുട്ടി | ജനറൽ സ്റ്റോഴ്സ് & കോസ്മെറ്റിക് ഐറ്റംസ് | 1000 |
| 2 | 2/670 | സജീവ് | ഹാർഡ് വെയർ &പെയിന്റ് കട | 500 |
| 3 | 3/329 | പ്രസാദ് | പലചരക്ക് വ്യാപാരം | 300 |
| 4 | 3/254 | ബേബി ഉണ്ണിക്കുട്ടി | റബർ വ്യാപാരം | 200 |
| 5 | 3/52 | കുഞ്ഞുമോൻ | സ്റ്റേഷനറി വ്യാപാരം | 100 |
| 6 | 4/468,469 | ജയിംസ് | സ്റ്റീൽ ഫർണിച്ചർ നിർമാണം | 500 |
| 7 | 4/396 | ചന്ദ്രബാബു | പച്ചക്കറി വ്യാപാരം | 300 |
| 8 | 5/542 | ഷീജ ജയിംസ് | ഇലക്ട്രോണിക്സ് ഹോം അപ്ളയൻസ് ഏജൻസിസ് | 500 |
| 9 | 5/835 | ശശിധരൻപിള്ള | സ്റ്റേഷനറി സ്റ്റോർ | 300 |
| 10 | 5/637 | രാജേന്ദ്രൻപിള്ള | റബർ വ്യാപാരം | 100 |
| 11 | 6/63,64 | ഷെഫീക്ക് | വ്യാപാരം | 1000 |
| 12 | 6/44 | അബ്ദുൾ ജലീൽ | കർട്ടൻ വ്യാപാരം | 300 |
| 13 | 6/57 | സരോജിനി , ലളിത | സ്റ്റേഷനറി വ്യാപാരം | 200 |
| 14 | 7/594A,B,C,D | നിസ്സാമുദ്ദീൻ | പലചരക്ക് വ്യാപാരം | 400 |
| 15 | 7/313 | സ്വാലിഹ് | വ്യാപാരം | 1000 |
| 16 | 7/381 | റഫീക്ക് | ഗ്ലാസ് വ്യാപാരം | 300 |
| 17 | 9/159 | രമ | ഹോട്ടൽ | 200 |
| 18 | 9/ | സോമരാജൻ | വെൽഡിംഗ് വർക്ക്ഷോപ്പ് | 300 |

| | | | | |
|---|---|---|---|---|
| 19 | 10/ | ശശിധരൻപിള്ള | സ്റ്റേഷനറി | 300 |
| 20 | 10/ | കുഞ്ഞുകൃഷ്ണക്കുറുപ്പ് | വസ്ത്രവ്യാപാരം | 500 |
| 21 | 10/ | | ഗൃഹോപകരണങ്ങൾ വിൽപന | 300 |
| 22 | 10/ | വിജയകുമാർ | സ്റ്റേഷനറി | 200 |
| 23 | 10/441B | പ്രവീൺ | ഐഡിയ റീചാർജ് | 100 |
| 24 | 11/ | ശശിധരക്കുറുപ്പ് | ബേക്കറി | 200 |
| 25 | 11/ | അജയകുമാർ | പച്ചക്കറി വ്യാപാരം | 200 |
| 26 | 11/ | അരുൺ | | 300 |
| 27 | 11/ | സതീശൻ | ഉച്ചഭാഷിണി പ്രവർത്തനം | 200 |
| 28 | 12/345 | ബഷീർകുട്ടി | പലചരക്ക് വ്യാപാരം | 100 |
| 29 | 12/185 | സലിം | ബേക്കറി | 300 |
| 30 | 12/02 | ഷീജ ഷംസുദ്ദീൻ | മെത്ത വ്യാപാരം | 500 |
| 31 | 12/555 | ഷീജ | സ്റ്റേഷനറി | 200 |
| 32 | 13/ | സലിം | ബേക്കറി | 500 |
| 33 | 13/677,678 | പ്രവീൺ കുമാർ | ബജാജ് ത്രീവീലർ സർവീസ് | 1000 |
| 34 | 13/374 | വിധി എസ് കുമാർ | പെയിന്റ്,ഹാർഡ് വെയർ ഷോപ്പ് | 500 |
| 35 | 13/410 | മൻസൂർ | കർട്ടൻ വിൽപന | 300 |
| 36 | 13/700 | ബിജി മോൻ | കർട്ടൻ വിൽപന | 500 |
| 37 | 13/708 | ഷീജ | ബേക്കറി | 300 |
| 38 | 13/318 | സിറാജുദ്ദീൻ | കർട്ടൻ വിൽപന | 500 |
| 39 | 13/57 | ബുഷ്റ | പലചരക്ക് വ്യാപാരം | 300 |
| 40 | 14/599 | ഷിഹാബുദ്ദീൻ | ഒപ്റ്റിക്കൽസ് | 300 |
| 41 | 14/669 | മുഹമ്മദ് നൗഷാദ് | കർട്ടൻ വിൽപന | 500 |
| 42 | 14/297 | അൻസാർ ബാബു | സ്പെയർ പാർട്ട്സ് വിൽപന | 1000 |

| | | | | |
|---|---|---|---|---|
| 43 | 14/ | ഷാനവാസ് | ടെക്സ്റ്റയിൽസ് | 300 |
| 44 | 15/ | രാഹുൽനാഥ് | തടിവിൽപന | 1000 |
| 45 | 15/95 | അബ്ദുൾ മനാഫ് | മെത്ത വ്യാപാരം | 500 |
| 46 | 16/476 | മദനൻ പിള്ള | പലചരക്ക് വ്യാപാരം | 200 |
| 47 | 16/ | ഇബ്രാഹിം റാവുത്തർ | സ്റ്റേഷനറി | 200 |
| 48 | 16/561 | സലിം | ഹാർഡ് വെയർ വിൽപന | 300 |
| 49 | 16/510 | ബിന്ദു | ഹോട്ടൽ | 200 |
| 50 | 16/75 | സരിജകുമാരി | ബേക്കറി& കൂൾബാർ | 100 |
| 51 | 16/ | മുരളീധരൻ പിള്ള | പൗൾട്ടി ഫാം | 200 |
| 52 | 16/ | | | 500 |
| 53 | 17/ | ഫിറോസ് | സ്റ്റേഷനറി | 200 |
| 54 | 17/349 | പൊന്നമ്മ | പലചരക്ക് വ്യാപാരം | 100 |
| 55 | 17/ | മധുസൂധനൻ പിള്ള | ചായക്കട | 100 |
| 56 | 17/ | സുരേന്ദ്രൻ പിള്ള | പലചരക്ക് വ്യാപാരം | 100 |
| 57 | 18/ | രാജേന്ദ്രൻ പിള്ള | റബർ വ്യാപാരം | 200 |
| 58 | 18/ | രാജേന്ദ്രൻ പിള്ള | പലചരക്ക് വ്യാപാരം | 300 |
| ആകെ | | | | 21000 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-8,തീയതി-27-11-16) മറുപടി ലഭ്യമാക്കിയില്ല.

ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന ടി സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി , ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ വ്യാപാരികളിൽ നിന്ന് ഡി&ഒ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ

കൊടുക്കുന്നു.

1)ശാസ്താംനട ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | പേര് | കടമുറി നമ്പർ |
|---|---|---|
| 1 | വിഭുദേവൻ നായർ,<br>വരവിള | 2,5,6,11 |
| 2 | സതീഷ്കുമാർ,<br>മേലൂർ വീട് | 3 |
| 3 | വിശ്വനാഥൻ,<br>കളിയിക്കൽ വീട് | 4 |
| 4 | വാസുദേവൻ നായർ,<br>കവറാട്ട് വീട് | 8 |
| 5 | വിനോദ്കുമാർ,<br>വിശ്വേശരി ഭവനം | 9,10 |

2)ചക്കുവള്ളി ഷോപ്പിംഗ് കോംപ്ളക്സ്

| ക്രമ നം. | പേര് | കടമുറി നമ്പർ |
|---|---|---|
| 1 | നാസറുദ്ദീൻ ,<br>ചിറയുടെ തെക്കതിൽ | 1,2 |
| 2 | സലാം ,<br>ചരുവിള താഴെതുണ്ടിൽ | 3 |
| 3 | റഹിം,<br>കെ.ആർ.ഹൗസ് | 4 |
| 4 | നജീം ,<br>പള്ളിയുടെ കിഴക്കതിൽ | 5 |

3)ഇടക്കാട് ഷോപ്പിംഗ് കോംപ്ളക്സ്

| ക്രമ നം. | പേര് | കടമുറി നമ്പർ |
|---|---|---|
| 1 | തുളസീധരൻ,<br>തുണ്ടിൽ വടക്കതിൽ | 1 |
| 2 | ശ്രീവിദ്യ,<br>തണൽ, | 2 |

| | | |
|---|---|---|
| | ഇടക്കാട് പി.ഒ. | |
| 3 | രാധാവാസവൻ,<br>രാധാഭവനം,<br>ഇടക്കാട് | 3 |
| 4 | വാസുദേവൻ,<br>കാവ്യനിവാസ്,<br>ഇടക്കാട് | 4 |
| 5 | സുരേഷ്,<br>കുന്നവിള ,<br>ഇടക്കാട് | 5 |
| 6 | ശശിധരൻ,<br>കാട്ടൂർ പുത്തൻ വീട്,<br>ശൂരനാട് പി.ഒ. | 6 |

മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് കോൺക്രീറ്റിംഗ്-അധിക നിരക്ക് അനുവദിച്ചു-41473 രൂപ നിരാകരിക്കുന്നു.

2015-2016 വർഷത്തിൽ നടത്തിയ പൊതുമരാമത്ത് പ്രവർത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നല്കിയിട്ടുണ്ട്. 31-7-15 ന് സാങ്കേതികാനുമതി ലഭിച്ച വർക്കുകളിൽ 20 mm മെറ്റൽ ഉപയോഗിച്ചുള്ള 1:2:4 കോൺക്രീറ്റിംഗിനാണ് അധികനിരക്ക് നല്കിയത്. കോസ്റ്റ് ഇൻഡക്സ് 1.149 ഉൾപ്പടെ കൺവീനർ വർക്കുകൾക്ക് 1m3 ന് 6744 .91 രൂപയും കരാർ വർക്കുകൾക്ക് 7756.65 രൂപയുമാണ് അനുവദനീയമായിട്ടുള്ളത്.എന്നാൽ യഥാക്രമം 6962.30/m3 രൂപയും 8006.65 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.ശാസ്താംകോട്ട ബ്ളോക്ക് പഞ്ചായത്ത് അസി.എക്സി.ക്യൂട്ടിവ് എഞ്ചിനിയറിൽ നിന്നമാണ് ടി പഞ്ചായത്തിൽ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്.

ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-11/15-16, തീ.28-11-16) കോസ്റ്റ് ഇൻഡക്സും ഫോം വർക്കും ഉൾപ്പെടെയുള്ള റേറ്റാണ് നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്.ടി മറുപടി അംഗീകരിക്കാവുന്നതല്ല.വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം,വർക്കിന്റെ പേര്/ എസ്റ്റിമേറ്റ് | സാങ്കേതി കാനുമതി | കരാറുകാരൻ/ കൺവീനർ | എഗ്രിമെന്റ് നം./ തീയതി | എം.ബുക്ക്/ ചെയ്ത അളവ്, ഐറ്റം നം. | അനുവദിച്ച നിരക്ക്/തുക | അനുവദിക്കാവുന്ന നിരക്ക്/തുക | അധികം നൽകിയത് | ബിൽ നം/ തീയതി/തുക |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ചാത്താകുളം -ചരിതം<br>റോഡ് കോൺക്രീറ്റിംഗ്<br>55/16<br>100000 | 208/15-16/<br>AEE//SBP/<br>22-6-15 | ജിജോ ജോർജ്ജ് | 7/AE/<br>LSGD/<br>PGP | 51/15-16<br>5.3m3 | 6962.31<br>36900.19 | 6744.91<br>35748.02 | 1152 | 62/15-16<br>99894 |
| താഴത്ത് മുക്ക് -കുന്തലത്ത് മുക്ക് ഏലാ<br>റോഡ് കോൺക്രീറ്റിംഗ്<br>113/16<br>474000 | 211/15-16/<br>AEE//SBP/<br>12-6-15 | സന്തോഷ് | 6/AE/<br>LSGD/<br>PGP<br>14-8-15 | /15-16<br>23.7m3 | 6962.31<br>165006.74 | 6744.91<br>159854.36 | 5152 | 63/15-16<br>449288 |
| റേഡിയോ മുക്ക് -വഞ്ചിപ്പുറം മുക്ക്<br>റോഡ് കോൺക്രീറ്റിംഗ്<br>83/16<br>349000 | 213/15-16/<br>AEE//SBP/<br>22-6-15 | ബിനു | /AE/<br>LSGD/<br>PGP | 25/15-16<br>18.34m3 | 6962.31<br>127688.78 | 6744.91<br>123701.64 | 3987 | /15-16 |
| കുട്ടങ്ങൽ- ആയന്തി ഏലാ<br>റോഡ് കോൺക്രീറ്റിംഗ്<br>70/16<br>272000<br>(M.G) | 214/15-16/<br>AEE//SBP/<br>22-6-15 | അൻസറുദ്ദീൻ | 4/AE/<br>LSGD/<br>PGP | 32/15-16<br>14.31m3 | 6962.31<br>99630.51 | 6744.91<br>96519.66 | 3111 | 29/15-16<br>271336 |
| പുത്തൻപുര മുക്ക് പുളിക്കൽ ഏലാ<br>റോഡ് കോൺക്രീറ്റിംഗ്<br>60/16 | 202/15-16/<br>AEE//SBP/<br>22-6-15 | രാമൻ പിള്ള | 23/AE/<br>LSGD/<br>PGP<br>4-9-15 | 18/15-16<br>37.8m3 | 8006.65<br>302651.37 | 7756.67<br>293202.12 | 9449 | 33/15-16<br>768098 |
| കോയിപ്പുറത്ത് കിഴക്കേമുക്ക് ഏലാ റോഡ്<br>റോഡ് കോൺക്രീറ്റിംഗ്<br>79/16<br>250000 | 204/15-16/<br>AEE//SBP/<br>22-6-15 | കേശവൻ | 1/AE/<br>LSGD/<br>PGP<br>6-8-15 | 10/15-16<br>11.57m3 | 6962.31<br>80553.87 | 6744.91<br>78038.6 | 2515 | 21/15-16<br>234640 |
| ഇടയ്ക്കാട് കോളനി<br>റോഡ് കോൺക്രീറ്റിംഗ് | 210/15-16/<br>AEE//SBP/<br>22-6-15 | | 44/AE/<br>LSGD/<br>PGP<br>26-9-15 | 42/15-16<br>20.78m3 | 6962.31<br>144676.80 | 6744.91<br>140159.2 | 4517 | 37/15-16<br>393990 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 96/16<br>399000 | | | | | | | | |
| കൊച്ചുണ്ടിൽ മുക്ക് -തൊളിക്കോട് ഏലാ<br>റോഡ് കോൺക്രീറ്റിംഗ്<br>61/16<br>271000 | 269/15-16/<br>AEE//SBP/<br>2-7-15 | രാജേശ്വരി | 2/AE/<br>LSGD/<br>PGP<br>11-8-15 | 11/15-16<br>12.377m3 | 6962.31<br>86172.51 | 6744.91<br>83481.75 | 2691 | 21/15-16<br>234640 |
| മലനട പരവട്ടം റോഡ് കോൺക്രീറ്റിംഗ്<br>56/15-16<br>732000 | 268/15-16/<br>AEE//SBP/<br>2-7-15 | വാസു കുറുപ്പ് | /AE/<br>LSGD/<br>PGP | 3015-16<br>35.6m3 | 8006.65<br>285036.74 | 7756.67<br>276137.45 | 8899 | 23/15-16<br>594093 |
| ആകെ | | | | | | | 41473 | |

### 3-2 പശു വളർത്തൽ പദ്ധതി (വനിത)- കരാർ കാലാവധി അവസാനിക്കുന്നതിന് മുൻപ് പശുവിനെ വിറ്റു 30000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ - 14

ബിൽ നമ്പർ - 01/2015-16 തീയതി-29.09.2015

11/2015-16 തീയതി-26.03.2016

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

വനിതകൾക്ക് പശു വളർത്തൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 15000 രൂപ സബ്സിഡി ക്രമത്തിൽ (ആകെ വിലയുടെ 50%) ഓഡിറ്റ് കാലയളവിൽ നടപ്പിലാക്കിയ പദ്ധതിയിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ കരാർ കാലാവധി അവസാനിക്കുന്നതിന് മുൻപ് പശുവിനെ വിറ്റതായി 29.11.2016ൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി.

മിനിരാജു, സ്നേഹാഭവനം, ഇടയ്ക്കാട്, വാർഡ് -VI

ഗോമതി, പുന്നവിള തെക്കതിൽ, ഇടയ്ക്കാട് വാർഡ് - IV

പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്കും കന്നുകാലികളെ വളർത്താൻ സൗകര്യവും സന്നദ്ധതയുമുള്ളവർക്കുമാണ് പശുക്കളെ വാങ്ങാൻ സബ്സിഡി അനുവദിക്കേണ്ടത് എന്നാൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഇത്തരം സൗകര്യങ്ങൾ ഉള്ളതായി കാണുന്നില്ല മാത്രമല്ല പശുക്കളെ മൂന്ന് വർഷം വളർത്തുമെന്നുള്ള കരാർ പാലിച്ചിട്ടില്ല. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർ പരിശോധന നടത്തിയിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/29.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി തുക 30000/- (15000+15000) രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

### **3-3** വാഴകൃഷി വികസനം - സബ്സിഡി തുക അനുവദനീയമായതിലും അധികം നൽകി **25000/-** രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

പ്രോജക്റ്റ് നമ്പർ - 26

ബിൽ നമ്പർ 02/2015-16 തീയതി-21.03.2016

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വാഴകൃഷി വികസനം (എസ്.സി.പി.) പദ്ധതി പ്രകാരം 100 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിരിക്കുന്നു. വിത്തിന് 100000 (100*1000) രൂപയും ജൈവവളത്തിന് 200000 (100*2000) രൂപയും ഉൾപ്പെടെ പ്രോജക്റ്റിന്റെ ആകെ ചെലവ് 300000/- രൂപയാണ്.ഇതിന്റെ 75 ശതമാനം തുകയാണ് (225000/- രൂപ) സബ്സിഡിയായി അനുവദിക്കേണ്ടത് (ജി.ഒ.(എം.എസ്.) 362/13 ത.സ്വ.ഭ.വ. തീയതി 16.11.2013 സബ്സിഡി രേഖ മാനദണ്ഡങ്ങൾ 3.1 കൃഷി 4) എന്നാൽ 250000/- രൂപ സബ്സിഡിയായി നൽകിയിരിക്കുന്നു. അധികം നൽകിയ25000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി നൽകിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### **3-4** രോഗ പ്രതിരോധശേഷി - പ്രതിരോധ കുത്തിവെയ്പ്പ് വാഹന വാടക ഇനത്തിലുള്ള **15000/-**രൂപയുടെ ചെലവ് രേഖകളുടെ അഭാവത്തിൽ തടസപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ - 91

ചെക്ക് നമ്പർ- 2967318/09.02.2016 – 12000/- രൂപ

ചെക്ക് നമ്പർ- 4283069/17.03.2016 – 3000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫിസർ

രോഗ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിന് വാഹന വാടക ഇനത്തിൽ 15000/- രൂപ ചെലവഴിച്ചിരിക്കുന്നു. എന്നാൽ പഞ്ചായത്തിലെ ഏതെല്ലാം കേന്ദ്രങ്ങളിൽ ഏതൊക്കെ വിഭാഗങ്ങൾക്കാണ് കുത്തിവെയ്പ്പ് എടുത്തതെന്നുള്ള വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല മാത്രമല്ല വാഹന വാടകയായി നൽകിയ 15000/- രൂപയുടെ കൈപ്പറ്റ് രേഖകളും ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.06/23.11.2016) ആയതിനാൽ 15000/- രൂപയുടെ വിനിയോഗം ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### **3-5** ക്ഷീരസംഗമം- സർക്കാർ അനുമതിയില്ലാതെ ചെലവഴിച്ച **5000/-** രൂപയുടെ വിനിയോഗം തടസപ്പെടുത്തുന്നു

ശാസ്താംകോട്ട ബ്ലോക്ക് ക്ഷീരസംഗമം 2014-15 എന്ന ക്ഷീര വികസന വകുപ്പിന്റെ പരിപാടിയുടെ നടത്തിപ്പിനായി 14.04.2015ൽ വൗച്ചർ നമ്പർ 21500034 പ്രകാരം അനുവദിച്ചിരിക്കുന്നു. സർക്കാർ ഉത്തരവ് ലഭ്യമല്ലാത്തതിനാൽ തുക അനുവദിക്കാനാകില്ലെന്ന

സെക്രട്ടറിയുടെ വിയോജനക്കുറിപ്പിനെ അവഗണിച്ചുകൊണ്ട് 31-03-2015ലെ പഞ്ചായത്ത് കമ്മിറ്റിയുടെ XVII(1) നമ്പർ തീരുമാനപ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. സർക്കാരിന്റെ അനുമതി വാങ്ങുന്നതിനായുള്ള ഇടപെടലുകൾ നടത്തിയതായും കാണുന്നില്ല. ആയതിനാൽ സർക്കാർ അനുമതിയില്ലാതെ ചെലവഴിച്ച 5000/- രൂപയുടെ വിനിയോഗം ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-6 വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല 1438500/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പോരുവഴി ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകൾക്കായി പ്രതിമാസം 119875/- രൂപ ക്രമത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നു.എന്നാൽ സർക്കാർ ഉത്തരവ് (ജി.ഒ.(ആർ.ടി.) 2242/2011 ത.സ്വ.ഭ.വ. തീയതി 28.09.2011) അനുസരിച്ചുള്ള സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/29.11.2016) ലഭിച്ച മറുപടിയിൽ സംയുക്ത പരിശോധനയ്ക്ക് കത്ത് നൽകിയിരുന്നെങ്കിലും പരിശോധന നടത്തിയിട്ടില്ല എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവിനും മാർഗരേഖയ്ക്കും ( 1501/2006 23.06.2006) വിരുദ്ധമായി, സംയുക്ത പരിശോധന നടത്താതെ ചെലവഴിച്ച 1438500/- രൂപയുടെ വിനിയോഗം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| 21500062 | 28.04. 2015 | 119875 |
| 21500127 | 28.05.2015 | 119875 |
| 21500196 | 25.06.2015 | 119875 |
| 21500276 | 28.07.2015 | 119875 |
| 21500357 | 26.08.2015 | 119875 |
| 21500420 | 23.09.2015 | 119875 |
| 21500499 | 20.10.2015 | 119875 |
| 21500579 | 26.11.2015 | 119875 |
| 21500685 | 19.12.2015 | 119875 |
| 21500765 | 25.01.2016 | 119875 |
| 21500851 | 18.02.2016 | 119875 |
| 21501014 | 18.03.2016 | 119875 |
| ആകെ | | 1438500 |

കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് അടിയന്തിരമായി സംയുക്ത പരിശോധന നടത്തി ഉപയോഗപ്രദമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയശേഷം മാത്രം തുടർന്നുള്ള വെള്ളക്കരം അടയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് കാലയളവിൽ പ്രോജക്ട് നം-29 പ്രകാരം നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയുടെ പരിശോധനയിൽ പദ്ധതി തുക ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് കെയർ പരിഷ്കരിച്ച മാർഗരേഖ (സർക്കാർ ഉത്തരവ് (സാധാ) 3217/2015ത.സ്വ.ഭ.വ. 29.10.2015 )പ്രകാരം പാലിയേറ്റീവ് കെയർ ടീമിന് ഭക്ഷണചെലവ് ദിവസം 180 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2015-16 കാലയളവിൽ ഹോം കെയർ ടീമിന് ദിവസം 350 രൂപ ക്രമത്തിൽ നൽകിയിരിക്കുന്നു.

2. ഹോം കെയർ ടീമിന്റെ വാഹനത്തിന്റെ വാടകയായി ചെലവഴിക്കുന്ന തുകയ്ക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നില്ല.

3. പാലിയേറ്റീവ് കെയർ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി 74740/-രൂപ ചെലവഴിച്ചിരിക്കുന്നു എന്നാൽ തുക കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമല്ല, മരുന്നുകളും ഉപകരണങ്ങളുമായി 65000/-രൂപയുടെ സ്റ്റോക്ക് മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 9740/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

4. മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

5. വിവിധ ചെലവുകളുമായി ബന്ധപ്പെട്ട ബില്ലുകളുടേയും വൗച്ചറുകളുടേയും പകർപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/23.11.2016) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിയ്ക്കുന്ന മാർഗരേഖയ്ക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് തുക ചെലവഴിക്കേണ്ടതും മരുന്നുകളും ഉപകരണങ്ങളും കൃത്യസമയത്ത് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ -നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് കാലയളവിൽ ഔഷധിയിൽ നിന്ന് 400000/- രൂപയുടെ മരുന്നുകളാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/22.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല ഔഷധിയിൽ നിന്ന് മരുന്നുകൾ കൃത്യസമയത്ത് ലഭിക്കുന്നുമില്ല.ആയതിനാൽ 400000/- രൂപയുടെ വിനിയോഗം ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതും മരുന്നകൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-9 ഭവന നിർമാണ പദ്ധതി - ചെലവഴിക്കാത്ത പദ്ധതി തുക നിലനിൽക്കുന്നു.

അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന നിർമാണ പദ്ധതി (എസ്.സി.) പ്രോജക്ട് നമ്പർ 39/16 ന് വികസന ഫണ്ടിൽ നിന്നും 12,05,000 രൂപയും മറ്റിനത്തിൽ 14,95,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇ.എം.എസ്.ഭവന നിർമാണം (എസ്.സി.)എന്ന പേരിൽ അമ്പലത്തുംഭാഗം സർവീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് നമ്പർ 01 ൽ വികസന ഫണ്ട് ബൈട്രാൻസ്ഫർ ആയി ക്രെഡിറ്റ് ചെയ്തിരുന്ന തുകയുടെ ബാക്കി 14,90,000 രൂപ പലിശ ഉൾപ്പെടെ 16,68,800 രൂപ 9-2-16 ൽ അസി.സെക്രട്ടറിയുടെയും പ്രസിഡന്റിന്റേയും പേരിൽ എസ്.ബി.ടി.പോരുവഴിയിലുള്ള അക്കൗണ്ട് നമ്പർ 67351107640 ൽ മാറ്റി നിക്ഷേപിച്ചിട്ടുണ്ട്.ഈ തുകയിൽ നിന്നാണ് 14,95,000 രൂപ ഭവന നിർമാണ പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. ഇ.എം.എസ്.ഭവന പദ്ധതിയുടെ ചെലവഴിക്കാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ കിടക്കുന്ന തുക ഭവന നിർമ്മാണ പ്രവർത്തികൾക്ക് വിനിയോഗിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 2957/14 ത.സ്വ.ഭ.വ.12-11-14 പ്രകാരം അനുമതി നൽകിയിട്ടുണ്ടായിരുന്നു.

ഭവന നിർമാണം (എസ്.സി.) പദ്ധതിക്കായി ചെലവഴിച്ചതിന് ശേഷം അക്കൗണ്ട് നമ്പർ 67351107640 ൽ 1,83,487 രൂപ 25-10-16 പ്രകാരം ബാലൻസ് നിലനിൽക്കുന്നുണ്ട്.ഈ തുക ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടക്കേണ്ടതാണ്.

## 3-10 മീഡിയാശ്രീ - പദ്ധതി നടപ്പിലാക്കിയില്ല

പ്രോജ.നം.:-77/16

പഞ്ചായത്ത് വിഹിതം :65,000

നിർവഹണ ഉദ്യോഗസ്ഥൻ: അസി.സെക്രട്ടറി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനങ്ങളുടെയും പദ്ധതികളുടെയും സംബന്ധിക്കുന്ന ഡോക്യുമെന്ററി ചിത്രങ്ങളാക്കി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനമാണ് മീഡിയാശ്രീ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.ഡോക്യുമെന്റേഷൻ നടത്തുന്നതിന് വികസന ഫണ്ടിൽ നിന്ന് 65,000 രൂപ ചെലവഴിക്കുന്നതിന് 20-3-15 ലെ സ.ഉ.(സാധാ) 813/15 /ത.സ്വ.ഭ.വ.പ്രകാരം ഉത്തരവായിട്ടുണ്ട്.ഇത് പ്രകാരം 2015-16 സാമ്പത്തിക വർഷം 65,000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ( ബിൽ നം. 02/15-16തീയതി 17-9-15) ഡി.ഡി.ആയി (ഡി.ഡി.നം.252311 തീയതി 23-9-15) ഡയറക്ടർ കുടുംബശ്രീമിഷൻ പേർക്ക് നൽകിയിട്ടുണ്ട്.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കുടുംബശ്രീ മിഷൻ ചിത്രീകരണം പൂർത്തീകരിച്ച് ഡോക്യുമെന്ററി പുറത്തിറക്കുവാനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഡോക്യുമെന്ററി തയ്യാറാക്കി പുറത്തിറക്കുന്നതിന് ആവശ്യമായ നടപടികൾ കുടുംബശ്രീ മിഷനുമായി ചേർന്ന് സ്വീകരിക്കുന്നതിനും ഗവൺമെന്റിൽ നിന്ന് അനുമതി പുതുക്കി വാങ്ങുന്നതിനും ഉള്ള നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 3-11 പലിശ ഇനത്തിൽ 52195 രൂപ നഷ്ടം

ഇ.എം.എസ്. ഭവന പദ്ധതിക്കായി അമ്പലത്തുംഭാഗം സർവീസ് സഹകരണ ബാങ്കിൽ

അക്കൗണ്ട് നമ്പർ 01 ൽ പ്രസിഡന്റിന്റേയും ,വി.ഇ.ഒ.യുടെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ 28-3-12 തീയതിയിൽ ബാക്കിയുണ്ടായിരുന്ന 14,90,000 പലിശ സഹിതം 16,68,800 രൂപ ചെക്ക് നം. 035511 തീയതി 5-2-2016 പ്രകാരം പിൻവലിച്ച് അസി.സെക്രട്ടറി,പ്രസിഡന്റ് എന്നിവരുടെ പേരിൽ എസ്.ബി.ടി.പോരുവഴി അക്കൗണ്ട് നമ്പർ 67351107640 ൽ 9-2-16 ൽ മാറ്റി നിക്ഷേപിച്ചിട്ടുണ്ട്. 28-3-12 മുതൽ 31-3-15 വരെയുള്ള പലിശ മാത്രമാണ് സർവീസ് കോപ്പറേറ്റിവ് ബാങ്കിൽ നിക്ഷേപിച്ചിരുന്ന 14,90,000 രൂപയ്ക്ക് ലഭിച്ചിട്ടുള്ളത് . 31-3-15 ൽ പലിശ ഉൾപ്പെടെ 16,68,800 രൂപ അക്കൗണ്ടിൽ നിലനിൽക്കുന്നു. എന്നാൽ 1-4-15 മുതൽ 4-2-16 വരെ ലഭിക്കേണ്ടിയിരുന്ന പലിശ തുക 52,195 രൂപ ലഭിച്ചിട്ടില്ല.

പലിശ ഇനത്തിൽ നഷ്ടമായ 52,195 രൂപ സർവീസ് സഹകരണ ബാങ്കിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അധികാരികൾ സ്വീകരിക്കേണ്ടതാണ്.തുക ലഭ്യമായതിന് ശേഷം ആയത് വികസന ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

## 3-12 എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ,അളവുകൾ രേഖപ്പെടുത്തി മൂല്യ നിർണയം നടത്താതെയും ഭവന പുനരുദ്ധാരണത്തിനുള്ള സബ്സിഡി നൽകിയിരിക്കുന്നു.

പ്രോജ.നം:33/16

ആകെ ചെലവ് : 9,00,000

നിർവഹണ ഉദ്യോഗസ്ഥൻ: വി.ഇ.ഒ.

വീട് പുനരുദ്ധാരണത്തിനുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു കഴിഞ്ഞാൽ അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് ഗുണഭോക്താവിൽ നിന്നും ആവശ്യപ്പെടുകയും അളവുകൾ എൽ.എസ്.ജി.ഡി. എഞ്ചിനിയർ ,ഓവർസിയർ രേഖപ്പെടുത്തിയതിന് ശേഷമാണ് അറ്റകുറ്റപ്പണികൾക്കുള്ള സബ്സിഡി വി.ഇ.ഒ.അനുവദിക്കേണ്ടത്.

ഗവ.ഉത്തരവ്.(സാധാ) 362/2013 ത.സ്വ.ഭ.വ. 16-11-13 ൽ നിർദ്ദേശിച്ചിട്ടുള്ള മേൽ മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് 2015-2016 ൽ നടപ്പിലാക്കിയ ഭവനപുനരുദ്ധാരണം (ജനറൽ) പദ്ധതിക്കായി 9,00,000 രൂപ ചെലവഴിച്ചിട്ടുള്ളത്.ചെലവിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./തീയതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 3/15-16<br>27-10-15 | 2,50,000 | 10 |
| 6/15-16<br>12-11-15 | 1,00,000 | 4 |
| 10/15-16<br>21-12-15 | 1,50,000 | 6 |

| | | |
|---|---|---|
| 12/15-16<br>28-12-15 | 1,00,000 | 4 |
| 15/15-16<br>20-1-16 | 1,00,000 | 4 |
| 22/15-16<br>27-2-16 | 50,000 | 2 |
| 23/15-16<br>17-3-16 | 1,00,000 | 4 |
| 25/15-16<br>26-3-16 | 50,000 | 2 |
| ആകെ | 9,00,000 | 36 |

സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 9,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 സി.എഫ്.എൽ വാങ്ങി സ്ഥാപിച്ചത്

പ്രോജക്ട് നം-8/16,115/16

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സി.എഫ്.എൽ.സ്ഥാപിക്കുന്നതിന് പ്രോജക്ട് നമ്പർ - 8/16 പ്രകാരം യുണൈറ്റഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും 164 ഓട്ടോമാറ്റിക് സി.എഫ്.എൽ. വാങ്ങിയതിന് 277488 രൂപ ഡി.ഡി നമ്പർ 35335/11-1-16 പ്രകാരം ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ടി സി.എഫ്.എൽ.കൾ വരവ് വന്നിട്ടില്ല.വിതരണം സംബന്ധിച്ച് ഫയലിലും സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഇല്ല. എന്നാൽ ലാമ്പുകൾ സ്ഥാപിച്ചതായി മെമ്പർമാരിൽ നിന്നും സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടുണ്ട്.

പ്രോജക്ട് നം-115/16 അനുസരിച്ച് യുണൈറ്റഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും 667 സി.എഫ്.എൽ. വാങ്ങിയതിന് 833748 രൂപ ഡി.ഡി നമ്പർ 251502/31-7-15 പ്രകാരം ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട് .ടി 667 സി.എഫ്.എൽ കൾ സ്റ്റോക്ക് രജിസ്റ്റർ പേജ് 87 ൽ ചേർത്തിട്ടുണ്ടെങ്കിലും വിതരണം ചെയ്തതും സ്ഥാപിച്ചതുമായ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പേജ് 93 ൽ 18 വാർഡ് മെമ്പർമാർ 37 ലാമ്പുകൾ വീതം കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ലാമ്പുകൾ സ്ഥാപിച്ചതിന് മെമ്പർമാരിൽ നിന്ന് സാക്ഷ്യപത്രം വാങ്ങിയിട്ടില്ല.

ഓരോ വാർഡിലും ആവശ്യമായ സി.എഫ്.എൽ. കളുടെ എണ്ണം സംബന്ധിച്ച് കണക്ക് തയ്യാറാക്കിയിട്ടില്ല.പഞ്ചായത്തിലെ പോസ്റ്റുകളുടെ എണ്ണം, ലാമ്പുകളുടെ തരം എന്നിവ

സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തത് സംബന്ധിച്ച് പ്രോജക്ടുകളുടെ നിർവഹണത്തിലുള്ള അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ-15/15-16 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-14 സ്ട്രീറ്റ് മെയിൻ വലിക്കുന്നത്-ഡെപ്പോസിറ്റ് വർക്ക് യു.സി.ലഭ്യമാക്കിയിട്ടില്ല.

പ്രോജ.നം-s011/2016

തുക-318510

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അസിസ്റ്റന്റ് എഞ്ചിനിയർ ,കെ.എസ്.ഇ.ബി. കടമ്പനാടിന്റെ 30-10-2014 ലെ DB no.39/14-15 /KMPD/30 -ാം നമ്പർ കത്തിൽ ആവശ്യപ്പെട്ടതിൻ പ്രകാരം 318500 രൂപ ഇലക്ട്രിസിറ്റി ബോർഡിൽ ഒടുക്ക വരുത്തിയിട്ടുണ്ട് (ഡി.ഡി.നം- 37158/13-3-16).എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കടമ്പനാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ ടി വർക്ക് നടത്തിയതായി ഫയലിൽ രേഖപ്പെടുത്തലുകൾ ഇല്ല. ബന്ധപ്പെട്ട വാർഡ് മെമ്പർമാർ ബോധ്യപ്പെട്ടതായ രേഖപ്പെടുത്തലുകൾ ഇല്ലാത്ത പക്ഷം കെ.എസ്.ഇ.ബിയിൽ നിന്നും യു.സി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 ഹൈസ്പീഡ് സ്കാനർ വാങ്ങിയത് -ഉപയോഗം ആരംഭിച്ചിട്ടില്ല

പ്രോജ. നം.-114/16

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2015-2016 വാർഷിക പദ്ധതിയിൽ 114/16 നമ്പർ പ്രോജക്ടായ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിക്ക് 180250 രൂപ വകയിരുത്തിയിട്ടുണ്ട്.സെക്രട്ടറിയുടെ 12-11-14 ലെ എ2/28114(1) നമ്പർ ഓർഡർ പ്രകാരം കെൽട്രോണിൽ നിന്നും ഡോക്യുമെന്റ് സ്കാനർ DRF 120HP colour laser jetpro MFF -m- പ്രിന്റർ സ്കാനർ വാങ്ങിയിട്ടുണ്ട്. ഹൈസ്പീഡ് സ്കാനറിന്റെ വിലയായ (വാറ്റ് 5% ഉൾപ്പെടെ)31460 രൂപയും (ഇൻവോയിസ് നമ്പർ-1TB/14-15/8451/TP/3832,26-3-15) പ്രിന്റർ സ്കാനറിന്റെ വിലയായ 34220 രൂപയും (ഇൻവോയിസ് നമ്പർ-1TB/14-15/8452/TP /3833,26-3-15) ഉൾപ്പെടെ 65680 രൂപ ഡി.ഡി.നം 037122/19-3-16 ൽ കെൽട്രോണിന് നൽകി .എന്നാൽ നാളിതുവരെ ഹൈസ്പീഡ് സ്കാനർ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. വാറന്റി പീരീഡ് കഴിയാറായിട്ടും പ്രവർത്തിപ്പിച്ച് തുടങ്ങിയിട്ടില്ലാത്തതിനാൽ ടി ചെലവ് പാഴ് ചെലവായി ഓഡിറ്റിൽ വിലയിരുത്തുന്നു. ടി ഉപകരണം പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| നൽകിയ സ്ഥാപനം | | | പേര് | | |
| ജില്ലാ പഞ്ചായത്ത് | 2015-2016 | 45000 | നെൽകൃഷിക്ക് കൂലി | 45000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-2016 | 71325 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 71325 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2015-2016 | 71325 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 71325 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-2016 | 71325 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 71325 | 0 |

**4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹ ണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | എസ്.സി.കോളനികളിൽ ലൈൻ എക്സ്റ്റൻഷൻ | 037845 31-3-16 | 149978 | 149978 | - |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 037158 19-3-16 | 318510 | 318510 | - |
| പി.ഡബ്ളിയു.ഡി | അങ്കണവാടി | 037396 | 2843150 | 2843150 | - |

| | | | | | |
|---|---|---|---|---|---|
| | കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ | 29-3-16 | | | |

**4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
ഇല്ല

**4-4** വായ്പ/ വായ്പ തിരിച്ചടവ്
ഇല്ല

**4-5** സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

**4-6** ഓഡിറ്റ് റിക്കവറി
ഇല്ല

**4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.
പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2001-02 | 1-9 | ആടുകളെ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | ലഭ്യമല്ല |

**4-8** ഓഡിറ്റ് പ്രത്യവലോകനം
(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 76485404 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66335537 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 96473 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2758500 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 41,473 | ശ്രീമതി.ശാലിനി.എസ്, എ.ഇ., എൽ.എസ്.ജി.ഡി. |
| 3-2 | - | 30,000 | ശ്രീ.കെ.ജയകുമാർ, വെറ്ററിനറി സർജൻ |
| 3-3 | - | 25,000 | ശ്രീമതി.സ്മിത.ടി., കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 15000 | ശ്രീ.അരുൺ.ഒ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-5 | 5000 | ശ്രീമതി.എം.ഉഷാകുമാരി, സെക്രട്ടറി |
| 3-6 | 1438500 | ശ്രീമതി.എം.ഉഷാകുമാരി, സെക്രട്ടറി |
| 3-8 | 400000 | ശ്രീ.സനോജ്.സാം, മെഡിക്കൽ ഓഫീസർ , ആയുർവ്വേദം |
| 3-12 | 9,00,000 | ശ്രീ.റോബിൻ സാമുവൽ,വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീമതി.ശാലിനി.എസ്, എ.ഇ., എൽ.എസ്.ജി.ഡി. | - | ശാന്താലയം, അരിനെല്ലൂർ പി.ഒ. കൊല്ലം |
| ശ്രീ.കെ.ജയകുമാർ, വെറ്ററിനറി സർജൻ | - | ചൈതന്യം, പോരുവഴി പി.ഒ. ഭരണിക്കാവ് |
| ശ്രീമതി.സ്മിത.ടി., കൃഷി ഓഫീസർ | - | ചൈതന്യ, ഐവർകാലനടുവിൽ, പുത്തനമ്പലം പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 13 |
| 1997-1998 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 15 |
| 1998-1999 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 15 |
| 1999-2000 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 8 |
| 2000-2001 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 5 |
| 2001-2002 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 6 |
| 2002-2003 | എൽ.എഫ്.ക്യൂ.പി2/1200/20144 തീ.8/7/14 | 11 |

| | | |
|---|---|---|
| 2003-2004 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 2 |
| 2004-2005 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 5 |
| 2005-2006 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 8 |
| 2006-2007 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 8 |
| 2007-2008 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 10 |
| 2008-2009 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.8/7/14 | 16 |
| 2009-2010 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ12-6-14 | 18 |
| 2010-2011 | എൽ.എഫ്.ക്യൂ.പി2/1200/20144<br>തീ.12-6-14 | 4 |
| 2011-2012 | എൽ.എഫ്.ക്യൂ.പി2/2624/20144<br>തീ 5-3-15 | 10 |
| 2012-2013 | എൽ.എഫ്.ക്യൂ.പി2/2624/20144<br>തീ 5-3-15 | 7 |
| 2013-2014 | കെ.എസ്.എ-കെ.എൽ.എം.പി2/94/16<br>തീ.2-9-16 | 13 |
| 2014-2015 | കെ.എസ്.എ-കെ.എൽ.എം.പി2/1171/16<br>തീ1-8-16 | 24 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.2 – 52/ 17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –13/02/2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,കൊല്ലം